# ഭൂട്ടാൻ രാജാവുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി

മാർച്ച് 22, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഭൂട്ടാനിലെ നാലാമത്തെ രാജാവായ ജിഗ്മെ സിംഗ്യെ വാങ്ചുക്കുമായി ഭൂട്ടാനിലെ തിംഫുവിൽ വച്ച് ഇന്ന് കൂടിക്കാഴ്ച നടത്തി.

2. ഭൂട്ടാനിൽ സന്ദർശനം നടത്തുന്ന പ്രധാനമന്ത്രിക്ക് നാലാം ഭൂട്ടാൻ രാജാവ് ഊഷ്മളമായ സ്വീകരണമാണ് നൽകിയത്. ഇന്ത്യ-ഭൂട്ടാൻ ബന്ധം ശക്തമാക്കുന്നതിൽ ഭൂട്ടാൻ രാജാവിന്റെ നേതൃത്വത്തിനും വീക്ഷണത്തിനും സംഭാവനകൾക്കും പ്രധാനമന്ത്രി നന്ദി അറിയിച്ചു. ഇന്ത്യ-ഭൂട്ടാൻ സൗഹൃദവും സഹകരണവുമായി ബന്ധപ്പെട്ട വിവിധങ്ങളായ വിഷയങ്ങളും ഇരു കൂട്ടർക്കും താൽപ്പര്യമുള്ള പ്രാദേശിക വിഷയങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തു.

3. ഇന്ത്യ-ഭൂട്ടാൻ പങ്കാളിത്തം എല്ലാ തലങ്ങളിലും അങ്ങേയറ്റത്തെ വിശ്വാസത്തിലും സന്നദ്ധതയിലും പരസ്പര ധാരണയിലും അധിഷ്ഠിതമായതാണ്. ജനങ്ങൾ തമ്മിലുള്ള ഊഷ്മളമായ ബന്ധവും അതിന് ശക്തിപകരുന്നു.

**തിംഫു**
**മാർച്ച് 22, 2024**